# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

FARM INFORMATION BUREAU
Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : Haripriya Devi VV (I/C)
Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/03/2025

1. കേരള കാർഷിക സർവ്വകലാശാല, അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ, ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭം തുടങ്ങുന്നവർക്കായി Detailed Project Report തയ്യാറാക്കി നൽകുന്നു. താത്പര്യം ഉള്ളവർ കൂടുതൽ വിവരങ്ങൾ അറിയുവാൻ 0487 2438332 എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

2. പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന പ്രകാരം വിവിധ പദ്ധതികളായ ഫിഷ് കിയോസ്ക് (യൂണിറ്റ് ചെലവ് 10 ലക്ഷം രൂപ), ലൈവ് ഫിഷ് വെൻഡിംഗ് സെന്റർ (20 ലക്ഷം), മിനി ഫീഡ് മിൽ(30 ലക്ഷം), ഇൻസുലേറ്റഡ് വഹിക്കിൾ (20 ലക്ഷം), ഓരുജല കൂട് കൃഷി (3 ലക്ഷം), ഓരുജല കുളം നിർമാണ (8 ലക്ഷം)വും മത്സ്യകൃഷിക്കായുള്ള ഇൻപുട്ടുകളും (6 ലക്ഷം), മിനി ആർ.എ.എസ. ്(50,000), ഐസ് ബോക്സുള്ള മുച്ചക്ര വാഹനം (3 ലക്ഷം), പെൻ കൾച്ചർ (3 ലക്ഷം) എന്നിവയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. യൂണിറ്റ് കോസ്റ്റിൻ്റെ 40 ശതമാനം സബ്സിഡിയായി ലഭിക്കും. മാർച്ച് 30 വരെ അപേക്ഷിക്കാം. വിശദവിവരത്തിന് ഫോൺ: വൈക്കം മത്സ്യഭവൻ - 04829 291550, കോട്ടയം മത്സ്യഭവൻ - 0481 2566823, പാലാ മത്സ്യഭവൻ -0482 2299151.

3. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ നടത്തിവരുന്ന ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് 2025 ലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സ് കാലാവധി അഞ്ചുമാസം ഫീസ് 500 രൂപ. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് ഫീസ് നൽകേണ്ടതില്ല. പ്രായപരിധി 01.01 2025 ന് 25 വയസ്സ് കവിയരുത്. അപേക്ഷകർ 18 വയസ്സ് പൂർത്തിയായിരിക്കണം. എസ്എസ്എൽസി/ തത്തുല്യ കോഴ്സ് പാസ്സായിരിക്കണം. VHSC പൗൾട്രി ഹസ്ബൻന്ററി പാസായവർക്ക്

മുൻഗണന. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15.04.2025 വൈകിട്ട് 5 മണി. അപേക്ഷ അയക്കുന്ന കവറിനു മുകളിൽ ചിക്ക് സെക്സിംഗ് ആൻഡ് ഹാച്ചറി മാനേജ്മെന്റ് കോഴ്സ് 2025 എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. അപേക്ഷ അയക്കേണ്ട മേൽവിലാസം പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ, കുടപ്പനക്കുന്ന്, പി ഒ.,തിരുവനന്തപുരം 695043. Email - ptotvm.ahd@kerala.gov.in

4. **പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"Organic Agricultural Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ഏപ്രിൽ 6**. കോഴ്സ് ആരംഭിക്കുന്ന തീയതി: **2025 ഏപ്രിൽ 7.** കൂടുതൽ വിവരങ്ങള് വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പാക്കുന്ന മുട്ടക്കോഴി ഇൻറഗ്രേഷൻ പദ്ധതി (ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന് എന്നിവ നൽകി 45 ദിവസം പ്രായമാകുമ്പോൾ കോഴികളെ തിരിച്ചെടുക്കുന്ന പദ്ധതി) പ്രകാരം ഫാം നടത്താൻ താൽപ്പര്യമുള്ള തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കുടുംബശ്രീ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യൂണിറ്റുകൾ/കോഴിവളർത്തൽ കർഷകർ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ മാനേജിംഗ് ഡയറകടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം-695024 എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അല്ലെങ്കിൽ kepcopoultry@gmail.com. എന്ന ഇ-മെയിൽ മുഖേന അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ - 9745870454

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 25.03.2025 ന് രാവിലെ 10 മണി മുതൽ നാല് മണിവരെ കർഷകർക്കായി കൃത്യതാ കൃഷി (Precision Farming) എന്ന വിഷയങ്ങളിൽ ഒരു ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 29122008, 6282937809 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ. ഐ .ആർ.റ്റി.) ഇടവേള കൂടിയ ടാപ്പിങ് രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധപ്രയോഗം എന്നിവയിൽ പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ. ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 25-ന് നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ :training@rubberboard.org. in